**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2501** **27-02-2023 - ൽ മറുപടിയ്ക്ക്**

**കോക്കോണിക്സ് കമ്പനി നിർമ്മിച്ച ലാപ് ടോപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോക്കോണിക്സ് കമ്പനി നിർമ്മിച്ച ലാപ് ടോപ്പുകളിൽ തകരാർ കണ്ടെത്തിയത് ഏത് മോഡലിനാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത മോഡലിൽ എത്ര ലാപ് ടോപ്പുകൾ നിർമ്മിച്ചിരുന്നുവെന്നും അതിൽ എത്രയെണ്ണം വിറ്റഴിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | **കോക്കോണിക്സ് നിർമ്മിച്ച Coconics Enabler C1C11 – EAN1 എന്ന 11 ഇഞ്ച് മോഡൽ ലാപ്‌ടോപ്പിന്റെ പവർ സ്വിച്ചിനാണ് തകരാർ കണ്ടെത്തിയത്. ഈ മോഡലിന്റെ 4158 ലാപ്‌ടോപ്പുകൾ ആണ് നിർമ്മിച്ചിട്ടുള്ളത്. ആയതു മുഴുവനായും വിറ്റഴിക്കുകയുണ്ടായി.** |
| (ബി) | എത്ര ലാപ് ടോപ്പുകളിൽ തകരാർ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ലാപ്ടോപ്പ് നൽകിയത്; ഏതു മോഡൽ ലാപ് ടോപ്പുകളാണ് പകരമായി നൽകിയത്; | (ബി) | 1,327 ലാപ്‌ടോപ്പുകളിൽ ആണ് തകരാർ കണ്ടെത്തിയത്. തകരാർ കണ്ടെത്തിയ ലാപ്‌ടോപ്പുകൾക്ക് പകരമായി അതേ മോഡൽ പുതിയ ലാപ്‌ടോപ്പുകൾ ഉപഭോക്താക്കൾക്ക് സൗജന്യമായി നൽകുകയുണ്ടായി. |
| (സി) | ലാപ് ടോപ്പുകൾക്ക് ഇത്തരത്തിൽ തകരാർ സംഭവിച്ച ഇനത്തിൽ ആകെ എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്; പ്രസ്തുത നഷ്ടം ഉത്തരവാദിത്തപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | **Coconics Enabler C1C11 – CNBIC - EAN1 എന്ന 11 ഇഞ്ച് ലാപ്‌ടോപ്പ് മോഡലിന്റെ പവർ സ്വിച്ചിനു സംഭവിച്ച തകരാർ ആയതു നിർമ്മിച്ചു നൽകിയ കമ്പനി തന്നെ സൗജന്യമായി മാറ്റി നൽകുകയാണ് ഉണ്ടായത്. വിപണിയിലെ പുതിയ കമ്പനി എന്ന നിലയിൽ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാനായി തകരാർ കണ്ടെത്തിയ ലാപ്‌ടോപ്പുകൾക്ക് പകരം പുതിയ ലാപ്‌ടോപ്പുകൾ ഉപഭോക്താക്കളുടെ വീട്ടുകളിൽ / ഓഫീസുകളിൽ എത്തിച്ചു നൽകിയ ഇനത്തിൽ കോക്കോണിക്സ് പ്രൈവറ്റ് ലിമിറ്റഡിന് 60,750/-രൂപ ചെലവായിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ